## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2975

28/01/2014-ൽ
മറുപടിയ്ക്ക്

### ഗവൺമെന്റ് കോളേജുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ അധ്യയനവർഷം ആരംഭിച്ച ഗവൺമെന്റ് കോളേജുകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, ചേലക്കര, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ, നെയ്യാറ്റിൻകര എന്നീ 11 മണ്ഡലങ്ങളിലെ കോളേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുകയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ നടത്തിയ താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, ചേലക്കര എന്നീ കോളേജുകളിൽ അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. താനൂർ, മങ്കട, കൊണ്ടോട്ടി കോളേജുകളിൽ അസിസ്റ്റന്റ് / അസോസിയേറ്റ് പ്രൊഫസർമാരെ സാമ്പത്തിക അധികാരത്തോടെ പ്രിൻസിപ്പാളിന്റെ ചുമതല അഡീഷണൽ ചാർജ്ജായി നൽകി നിയമിച്ചു. കൊടുവള്ളി ഗവൺമെന്റ് കോളേജിൽ സർക്കാരിന്റെ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് കോളേജുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഗസ്റ്റ് ഫാക്കൽറ്റികൾക്ക് ശമ്പളം നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | ഗസ്റ്റ് ഫാക്കൽറ്റികൾക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റ് പ്രൊവിഷൻ നിലവിലില്ല എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ഇതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി' സ്വീകരിക്കുന്നതാണ്. കൂടാതെ ശമ്പളം വിതരണം ചെയ്യുന്നതിന് സാമ്പത്തിക |
| (സി) | എങ്കിൽ ഇവ അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

| | | | |
|---|---|---|---|
| | | | അധികാരങ്ങളുള്ള (drawing and disbursing authority) ഉദ്യോഗസ്ഥർ ടി കോളേജുകളിൽ ഇല്ലാത്തതിനാൽ ഗവൺമെന്റ് കോളേജ് കൊണ്ടോട്ടി, ഗവൺമെന്റ് കോളേജ്, താനൂർ, ഗവൺമെന്റ് കോളേജ്, മങ്കട എന്നിവിടങ്ങളിൽ അസിസ്റ്റന്റ് / അസോസിയേറ്റ് പ്രൊഫസർമാരെ സാമ്പത്തിക അധികാരത്തോടെ പ്രിൻസിപ്പാളിന്റെ ചുമതല അഡീഷണൽ ചാർജ്ജായി നൽകി നിയമിക്കാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ